(സി) ഉണ്ട്.

(ഡി) വർക്സ് കമ്മിറ്റിക്കും ഉപദേശകസമിതികൾക്കും മാത്രമാണ്. വേലകൾ തെരഞ്ഞെടുക്കുന്നതിനുള്ള പരമാധികാരം ഗവണ്മെൻറിലാണ് സ്ഥിതിചെയ്യുന്നത്. വേലകളുടെ ആവശ്യകത അനുസരിച്ച് ചിലപ്പോൾ ഗവണ്മെൻറ് ആ അധികാരം വിനിയോഗിക്കുന്നതാണ്.

അവശസമുദായ വിദ്യാർത്ഥികൾ

163 [11] ശ്രീ. സി. എ. മാത്യു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) അവശസമുദായ വിദ്യാർത്ഥികളുടെ ആനുകൂല്യങ്ങൾ എന്തെല്ലാം;

(ബി) ഇവയിൽ ഏതെല്ലാം ആനുകൂല്യങ്ങൾ അവശക്രൈസ്തവ വിദ്യാർത്ഥികൾക്ക് അനുവദിച്ചിട്ടുണ്ട്;

(സി) മതാടിസ്ഥാനത്തിലുള്ള ഈ വിഭാഗീയചിന്ത അവസാനിപ്പിക്കുന്നതിന് വേണ്ടത് ചെയ്യുമോ?

ഉത്തരം.

(എ) അവശസമുദായങ്ങളിൽ പട്ടികജാതിയിലും പട്ടികവർഗ്ഗത്തിലുംപ്പെട്ട കോളേജ് വിദ്യാർത്ഥികൾക്ക് മുഴുവൻ ഫീസ്, സൗജന്യത്തിനു പുറമേ പുസ്തകം, വസ്ത്രം മുതലായവയ്ക്ക് ഗ്രാൻറും ആഹാരാവശ്യങ്ങൾക്ക് പ്രതിമാസം സ്റ്റൈപ്പൻറും, സെക്കൻററിസ്കൂൾ വിദ്യാർത്ഥികൾക്ക മുഴുവൻ ഫീസ് സൗജന്യത്തിനു പുറമേ പുസ്തകം, വസ്ത്രം മുതലായവയ്ക്ക് ഗ്രാൻറും പ്രൈമറിസ്കൂൾ വിദ്യാർത്ഥികൾക്ക് പാഠപുസ്തകങ്ങളും നൽകുന്നുണ്ട്. മറ്റു പിന്നാക്കസമുദായത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് മുഴുവൻ ഫീസ് സൗജന്യവും നൽകുന്നുണ്ട്.

(ബി) അവശക്രൈസ്തവ വിദ്യാർത്ഥികൾക്ക് മറ്റു പിന്നാക്കസമുദായത്തിൽപ്പെട്ട വിദ്യാർത്ഥികളെപ്പോലെ മുഴുവൻ ഫീസും സൗജന്യം അനുവദിച്ചിട്ടുണ്ട്.

(സി) ഇക്കാര്യം ഗവണ്മെൻറിൻെറ പരിഗണനയിൽ ഇരിക്കുകയാണ്.

Sales Tax.

164. [13] **Shri J. A. Bhatt:** Will the Chief Minister be pleased to state:

(*a*) what is the total amount of Sales Tax collected from our State in the Financial years 1952-53 and 1953-54;

(b) what were the amounts collected from the town of Mattanchery in the Financial years 1952-53 and 1953-54;

(*c*) how many cases of Sales-tax evasion were detected in the years 1952-53 and 1953-54;

(*d*) what action was taken in the matter;

(*e*) is it a fact that there is long delay in the disposal of Sales-tax appeals; and

LIBRARY ARCHIVES Kerala Legislative Assembly

(f) will the Government be pleased to take steps for speedy disposal of sales tax appeals?

Answer.

(a) 1952-53—Rs. 2,26,25,507. 1953-54—Rs. 2,38,64,509.

(b) 1952-53—Rs. 14,13,219-1-8. 1953-54—Rs. 11,00,014-8-1.

(c) 1952-53—3087. 1953-54—2491.

(d) 5170 cases were compounded departmentally. In 29 cases prosecutions were launched. 66 cases were struck off. 313 cases are pending disposal.

(e) There is no avoidable delay in the disposal of appeals.

(f) In view of answer to (e) this does not arise.

പുത്തൻചിറ പാലം പണി.

165 [14] ശ്രീ. പി. കെ. അബ്ദുൾഖാദർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊടുങ്ങല്ലൂരിലെ നാരായണമംഗലം-പുത്തൻചിറ പാലം പണിനിറുത്തിവച്ചിട്ട് കാലമെത്രയായി;

(ബി) അതിന് ആവശ്യമെന്തു;

(സി) പ്രസ്തുത പണിക്ക് ഇതുവരെ എന്തു ചെലവായിട്ടുണ്ട്;

(ഡി) പണി എപ്പോൾ തുടങ്ങി, എപ്പോൾ പൂർത്തിയാകും?

ഉത്തരം.

(എ) പണി നിറുത്തിവച്ചിട്ടില്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) 10,333 രൂപ, 8 അണ.

(ഡി.) 1952-ൽ തുടങ്ങി. എപ്പോൾ പൂർത്തിയാകുമെന്നു കൃത്യമായി പറയുവാൻ നിവൃത്തിയില്ല.

പടിവട്ടം പാലം.

166 [15] ശ്രീ. എം. പി. മേനോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇളംകുളം നിയോജകമണ്ഡലത്തിൽപ്പെട്ട ഇടയക്കുന്നം ദേശത്തുള്ള പടിവട്ടംപാലം പൊളിഞ്ഞു കിടക്കുന്നതു നന്നാക്കുന്നതിനെ സംബന്ധിച്ചു ചേരാനല്ലൂർ പഞ്ചായത്തിൽനിന്നും വല്ല നിവേദനവും ഗവണ്മെൻറിനു കിട്ടുകയുണ്ടായോ;

(ബി) ഉണ്ടെങ്കിൽ എന്തു നടപടിയെടുത്തു?

ഉത്തരം.

(എ) ഉവ്വ്.

(ബ്) സബ്ഡിവിഷൻ വർക്സ് കമ്മിറ്റി പണി തൽക്കാലം വേണ്ട എന്നു തീരുമാനിച്ചതിനാൽ മേൽ നടപടി ഒന്നും നടത്തിയില്ല. വിവരം പഞ്ചായത്തു പ്രസിഡൻറിനെ അറിയിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly